MD'S Office
Date: 24/12/2022

G.O.(Rt)No.1137/2022/AGRI

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

കൃഷി വകുപ്പ് - 'ഞങ്ങളും കൃഷിയിലേക്ക്' പരിപാടിയുടെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് രൂപീകരിക്കുന്ന കൃഷിക്കൂട്ടങ്ങൾക്ക് ചെറുകിട കാർഷിക യന്ത്രങ്ങൾ കാംകോ വഴി നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നതിനുള്ള അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

കൃഷി (പി.യു) വകുപ്പ്

G.O.(Rt)No.1137/2022/AGRI തീയതി,തിരുവനന്തപുരം, 23-12-2022

---

പരാമർശം:- 1. കാംകോ മാനേജിംഗ് ഡയറക്ടറുടെ 20.06.22 ലെ കാംകോ/എം.ഡി/ജി.ഡി നമ്പർ കത്ത്

2. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 05.11.22 ലെ എ.ഡി.എഫ്.ഡബ്ല്യു/8685/2022 റ്റി.ജി.3 നമ്പർ കത്ത്

<u>ഉത്തരവ്</u>

ഞങ്ങളും കൃഷിയിലേക്ക് പരിപാടിയുടെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് രൂപീകരിക്കുന്ന കർഷക ഗ്രൂപ്പുകൾക്ക് ചെറുകിട കാർഷിക യന്ത്രങ്ങൾ കാംകോ വഴി നൽകുന്നതിനുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ടെന്നു കാംകോ മാനേജിംഗ് ഡയറക്ടർ പരാമർശം (1) പ്രകാരം അറിയിച്ചിരിക്കുന്നു .

<u>2.</u> അതത് സ്ഥലത്തെ കൃഷി ഓഫീസർമാർ ശുപാർശ ചെയ്യുന്ന മെഷീനറികൾ കർഷകർക്ക് ലഭ്യമാക്കുവാനും ലഭ്യമാകുന്ന subsidy കിഴിച്ചുള്ള തുക തദ്ദേശ സ്ഥാപനങ്ങൾ ഉപഭോക്താക്കൾക്ക് നൽകുന്നതിനും ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. ഇതിനായി വിവിധ പഞ്ചായത്തുകളെ കാംകോ സമീപിച്ചിട്ടുണ്ടെന്നും പദ്ധതിയ്ക്ക് അംഗീകാരം നൽകി ഞങ്ങളും കൃഷിയിലേക്ക് പദ്ധതിയുടെ ഭാഗമാക്കുവാൻ അനുമതിയ്ക്കായി പരാമർശം (1) പ്രകാരം മാനേജിങ് ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

<u>3.</u> Submission on Agricultural Mechanization (SMAM) പദ്ധതിയുടെ Component 6-Promotion of Farm Mechanization in Selected Villages പ്രകാരമുള്ള ആനുകൂല്യം ഏറ്റവും കുറഞ്ഞത് 8 പേരെയെങ്കിലും ഉൾപ്പെടുത്തി രൂപീകരിക്കുന്ന കർഷകരുടെ ഗ്രൂപ്പുകൾക്ക് നൽകാവുന്നതാണെന്നും സ്കീം ഓൺലൈനായി നടപ്പാക്കുന്നതിനാലും അപേക്ഷകരുടെ സീനിയോറിറ്റി അനുസരിച്ച മാത്രം അംഗീകാരം നല്കുന്നതിനാലും ഇവർക്കെല്ലാം ആനുകൂല്യം ലഭിക്കാൻ സാധ്യത കുറവാണെന്നും അതിനാൽ പദ്ധതിയുടെ ഫ്ലെക്സി ഫണ്ട് ഉപയോഗിച്ച് ഇത് നടപ്പിലാക്കുവാൻ സർക്കാരിൽ നിന്നും അനുമതി നൽകണമെന്നും കൃഷി ഡയറക്ടർ പരാമർശം (2) പ്രകാരം അറിയിക്കുകയുണ്ടായി

4. സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയും, 'ഞങ്ങളും കൃഷിയിലേക്ക്' പരിപാടിയുടെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് കുറഞ്ഞത് 8 പേരെയെങ്കിലും ഉൾപ്പെടുത്തി രൂപീകരിക്കുന്ന കൃഷിക്കൂട്ടങ്ങൾ അതത് സ്ഥലത്തെ കൃഷി ഓഫീസർമാർ ശുപാർശ ചെയ്യുന്ന ചെറുകിട കാർഷിക യന്ത്രങ്ങൾ കേരള ആഗ്രോ മെഷീനറി കോർപ്പറേഷൻ (കാംകോ) വഴി ലഭ്യമാക്കുവാനും ലഭ്യമാകുന്ന സബ്സിഡി കിഴിച്ചുള്ള തുക തദ്ദേശ സ്ഥാപനങ്ങൾ ഉപഭോക്താക്കൾക്ക് നൽകുന്നതിനും ടി പദ്ധതി Sub mission on Agricultural Mechanization (SMAM) പദ്ധതിയുടെ ഫ്ലെക്സി ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുവാൻ അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
JESSY GEORGE
ADDITIONAL SECRETARY

1. ഡയറക്ടർ, കാർഷിക വികസന കർഷകക്ഷേമ വകുപ്പ്, തിരുവനന്തപുരം
2. മാനേജിംഗ് ഡയറക്ടർ, കേരള ആഗ്രോ മെഷീനറി കോർപ്പറേഷൻ
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), തിരുവനന്തപുരം
4. വിവര പൊതുജന സമ്പർക്ക വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
5. കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
Signed by Premchand C P
Date: 23-12-2022 16:50:21
സെക്ഷൻ ഓഫീസർ

പകർപ്പ്:- കൃഷി വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
കൃഷി വകുപ്പ് സെക്രട്ടറിയുടെ പി.എ യ്ക്ക്